# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2857

20.03.2015 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

## പാട്ടഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.ദിവാകരൻ<br>,, കെ.രാജു<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഏക്കർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പാട്ടക്കാലാവധി കഴിഞ്ഞ 1661.2979 ഏക്കർ ഭൂമി നിലവിലുണ്ട്. |
| (ബി) പ്രസ്തുത ഭൂമി സെന്റിന് എത്ര രൂപ നിരക്കിലാണ് പാട്ടത്തിന് നൽകിയിരുന്നത്; പാട്ടക്കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 14.05.2004-ലെ സ.ഉ(പി) 126/2004/ആർ.ഡി പ്രകാരവും പഞ്ചായത്ത് പ്രദേശങ്ങളിൽ വ്യക്തികൾക്ക് സെന്റൊന്നിന് 1.50 രൂപാ നിരക്കിലുമാണ് പാട്ടത്തിന് നൽകിയിരിക്കുന്നത്. പാട്ട കുടിശ്ശികയിനത്തിൽ 28,64,62.511/- രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. |
| (സി) പാട്ടത്തുക അടയ്ക്കാത്തവർക്കും കുടിശ്ശിക വരുത്തിയവർക്കും നേരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (സി) | പാട്ടക്കുടിശ്ശിക അടയ്ക്കാത്തവർക്കും, കുടിശ്ശിക വരുത്തിയവർക്കും, ടി തുക ഒടുക്കുവരുത്തുന്നതിനായി നിയമാനുസൃതമായ നോട്ടീസ് നൽകുകയും, കുടിശ്ശിക തുക ഈടാക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുകയും, പാട്ടക്കുടിശ്ശിക ഒടുക്കാത്ത കക്ഷികളുടെ പാട്ടം റദ്ദ് ചെയ്തു ഭൂമി തിരിച്ചെടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) പാട്ടഭൂമി കൈവശം വച്ചിരിക്കുന്ന എത്ര വ്യക്തികൾ/സ്ഥാപനങ്ങളുണ്ട്; ആകെ എത്ര ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്താക്കുമോ? | (ഡി) | പാട്ടഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെ എണ്ണം-3154 ഉം സ്ഥാപനങ്ങളുടെ എണ്ണം-774 മാണ്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി 3133.5873 ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ